Prot.No. MPL 92/16/6

# ഇടയലേഖനം

ഈശോയിൽ പ്രിയ ബഹുമാന വൈദികരേ, സഹോദരീ–സഹോദരന്മാരേ, കുഞ്ഞുമക്കളേ,

ഈശോയുടെ പീഡാനുഭവ–മരണ–ഉത്ഥാന രഹസ്യങ്ങളെ ധ്യാനിക്കുന്ന ഈ വലിയ നോമ്പുകാലത്ത് നമ്മുടെ രൂപതയുടെ വളരെ പ്രധാന ശുശ്രൂഷയായ വിശ്വാസ പരിശീലനത്തെപ്പറ്റി ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

കുട്ടികളുടെ ബൗദ്ധികവും, സാമൂഹികവും, ശാരീരികവുമായ വളർച്ചയിൽ ശ്രദ്ധ ചെലുത്തുന്നതോടൊപ്പം അവരുടെ വിശ്വാസ വളർച്ചയിലും ആദ്ധ്യാത്മിക പുരോഗതിയിലും നിങ്ങൾ മാതാപിതാക്കളും മതാധ്യാപകരും ഇടവകാസമൂഹവും പുലർത്തുന്ന സന്നദ്ധതയ്ക്കും ത്യാഗത്തിനും ഞാൻ ആദ്യമേ നിങ്ങളെ അഭിനന്ദിക്കുകയും നിങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. സീറോ മലബാർ സഭ തന്റെ മക്കൾക്ക് വിശ്വാസം കൈമാറുന്ന പാരമ്പര്യത്തെയും പ്രക്രിയയെയും ആഗോള സഭ തന്നെ പ്രശംസിക്കുന്ന കാര്യമാണ്. നമ്മുടെ രൂപതയിൽ വിശുദ്ധ കൂദാശകളുടെ പരികർമ്മം കഴിഞ്ഞാൽ നാം ഏറ്റവുമധികം ശ്രദ്ധ കൊടുക്കുന്ന മേഖല വിശ്വാസപരിശീലനമാണല്ലൊ.

എന്താണ് വിശ്വാസപരിശീലനം എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത്? ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേക്കും ക്രിസ്തീയ ജീവിത പൂർണ്ണതയിലേയ്ക്കും ക്രിസ്തു വിശ്വാസികളെ നയിക്കുക എന്ന ലക്ഷ്യത്തോടെ ക്രിസ്തീയ വിശ്വാസ സംഹിതയെ അധികരിച്ച് മാമ്മോദീസ സ്വീകരിച്ചവർക്കായി സഭ നല്കുന്ന ക്രമാനുഗതവും സമഗ്രവുമായ പ്രബോധന പ്രക്രിയയാണ് വിശ്വാസപരിശീലനം അഥവാ മതബോധനം. മാമ്മോദീസ വഴി ദൈവം നമുക്ക് നല്കിയ വിശ്വാസം വളർത്തി ജീവിത പക്വതയിലേക്ക് നയിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. നാമിന്നു ജീവിക്കുന്ന സാഹചര്യങ്ങളുടെയും കാലഘട്ടത്തിന്റെയും വെല്ലുവിളികളെ നേരിട്ട്, ഉത്തമ ക്രൈസ്തവജീവിതം നയിക്കാൻ, അടുത്ത തലമുറയ്ക്ക് ഈ വിശ്വാസവെളിച്ചം പകർന്നുകൊടുക്കാൻ നാം എത്രയേറെ തല്പരരാകേണ്ടിയിരിക്കുന്നു.

വിശ്വാസപരിശീലനത്തിന്റെ പ്രഥമവേദി കുടുംബമാണ്. കുഞ്ഞിനെ ഗർഭം ധരിക്കുന്ന നിമിഷം മുതൽ ആ കുഞ്ഞിന്റെ വിശ്വാസ ജീവിതത്തിൽ മാതാപിതാക്കളുടെ പങ്ക് ഏറെ വലുതാണ്. മാതാപിതാക്കൾ ചിന്തിക്കുന്നതും, വായിക്കുന്നതും, കാണുന്നതും, കേൾക്കുന്നതും, പ്രാർത്ഥിക്കുന്നതും, പ്രവർത്തിക്കുന്നതുമെല്ലാം കുഞ്ഞിന്റെ വിശ്വാസ

സങ്കല്പങ്ങളെ സ്വാധീനിക്കുമെന്നതിൽ സംശയമില്ല. വിശ്വാസത്തിന്റെ ബാലപാഠങ്ങൾ അവർ പഠിക്കുന്നത് മാതാപിതാക്കളിൽ നിന്നാണ്. കേരളത്തിലെ സാഹചര്യങ്ങളിൽ നിന്ന് വളരെ ഭിന്നമായി ഓസ്ട്രേലിയയിൽ ജീവിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങൾക്ക് അവരുടെ grand parents-ന്റെ സാമിപ്യവും ഉപദേശങ്ങളും ഇല്ലാത്ത സാഹചര്യമാണ് മിക്ക കുടുംബങ്ങളിലും. മുഴുവൻ നേരവും ജോലി ചെയ്യുന്ന മാതാവിനും പിതാവിനും ഒരു പക്ഷേ കുഞ്ഞുങ്ങളുടെ വിശ്വാസജീവിതത്തെ വേണ്ടവിധം വളർത്താൻ വേണ്ടത്ര സമയമില്ലാത്ത സാഹചര്യമുണ്ടാകും. വിശ്വാസജീവിതം താരതമ്യേന കുറവുള്ള കുടുംബങ്ങളിൽ നിന്ന് വരുന്ന സഹപാഠികൾ കുഞ്ഞുങ്ങളെ തെറ്റായ രീതിയിൽ സ്വാധീനിക്കാം. ഇന്റർനെറ്റ്, സോഷ്യൽമീഡിയ, കംപ്യൂട്ടർ ഗെയിം തുടങ്ങിയ ആധുനിക വിനിമയ രീതികളും ഗുണത്തേക്കാളേറെ അവരുടെ ജീവിതത്തെ ദോഷകരമായി ബാധിക്കാം. ഈ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ നമ്മുടെ വിശ്വാസ–സാംസ്കാരിക പൈതൃകം എത്രയേറെ ഉണർവോടെ നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുവാൻ നാം ബാധ്യസ്ഥരാണ്!

സീറോ മലബാർ സഭയുടെ വീക്ഷണത്തിൽ മൂന്നു വിധത്തിലുള്ള വിശ്വാസപരിശീലനം കുടുംബങ്ങൾ വഴി നമ്മുടെ കുഞ്ഞുങ്ങൾക്ക് ലഭിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

(1) പ്രബോധനപരമായ പരിശീലനം:

സജീവമായ പ്രാർത്ഥനാജീവിതം നയിച്ചുകൊണ്ട് മാതാപിതാക്കൾ ഭവനത്തിൽ വച്ചുതന്നെ കുട്ടികളെ അവരറിഞ്ഞിരിക്കേണ്ട നമസ്ക്കാരങ്ങൾ, പ്രാർത്ഥനകൾ എന്നിവ പഠിപ്പിക്കണം. ബൈബിൾ കഥകൾ, വിശ്വാസപരമായ മറ്റുകഥകൾ പറഞ്ഞു കേൾപ്പിക്കുക, പ്രായത്തിനനുസരിച്ച് മൂല്യബോധം ജനിപ്പിക്കുന്ന നല്ല പുസ്തകങ്ങൾ വാങ്ങികൊടുക്കുക, വിശ്വാസബന്ധിയായ വീഡിയോ അവരോടൊപ്പമിരുന്ന് കാണുക, എന്നിവയെല്ലാം പ്രബോധനപരമായ വിശ്വാസപരിശീലനമാണ്. ഇതുവഴി അവർ ഈശോയെ കൂടുതൽ ആഴമായി അറിയാനും, തീവ്രമായി സ്നേഹിക്കാനും, അടുത്തനുകരിക്കാനും ക്രമേണ പ്രാപ്തരാകണം.

(2) പ്രായോഗിക പരിശീലനം:

പറഞ്ഞുകൊടുത്താൽ മാത്രം പോരാ, മറിച്ച് പഠിച്ച കാര്യങ്ങൾ പ്രായോഗികമായി ജീവിക്കാൻ മക്കളെ പരിശീലിപ്പിക്കണം. മനഃപാഠമാക്കിയ പ്രാത്ഥനകൾ പ്രഭാതത്തിലും, സ്കൂളിൽ പോകുമ്പോഴും, രാത്രിയിലും അവരെ കൊണ്ടു ചൊല്ലിപ്പിക്കണം. സന്ധ്യാപ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്ത് പരിശീലിപ്പിക്കണം.പ്രാർത്ഥനയ്ക്കുശേഷം സ്തുതിചൊല്ലുന്ന പതിവ് പ്രോത്സാഹിപ്പിക്കണം. ദൈവാലയത്തിലും തീർത്ഥാടനകേന്ദ്രങ്ങളിലും പോകുമ്പോഴും നേർച്ചയിടാൻ പഠിപ്പിക്കണം. പാവപ്പെട്ടവരെ സഹായിക്കാൻ പഠിപ്പിക്കണം.

(3) പ്രചോദനാത്മകമായ പരിശീലനം:

മാതാപിതാക്കൾ അവരുടെ ജീവിത മാതൃക വഴി കുട്ടികൾക്ക് വിശ്വാസപരിശീലനം നല്കണം. ഒരു യഹൂദ റബ്ബിയോട് എങ്ങനെ കുട്ടികളെ തോറ (യഹൂദ വിശ്വാസസംഹിത)

പഠിപ്പിക്കണം എന്നു ചോദിച്ചപ്പോൾ അദ്ദേഹം നല്കിയ മറുപടി ഇതാണ്: '' താങ്കൾക്ക് യഥാർത്ഥത്തിൽ കുട്ടികൾക്ക് തോറ പഠിപ്പിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ അവരുടെ മുമ്പിൽവച്ച് താങ്കളത് പഠിക്കുക. താങ്കളെ കുഞ്ഞുങ്ങൾ അനുകരിച്ചുകൊള്ളും; അതല്ലെങ്കിൽ കുട്ടികളതു പഠിക്കില്ലെന്നു മാത്രമല്ല, അവർ അവരുടെ കുട്ടികളോട് തോറ പഠിക്കണം എന്ന് വെറുതെ പറഞ്ഞു കൊണ്ടിരിക്കും.''("If you truly wish your children to study Torah, study it yourselves in their presence. They will follow your example. Otherwise they will not themselves study Torah but will simply instruct the children to do so.") അതുകൊണ്ട് മാതാപിതാക്കൾ എത്രത്തോളം കുടുംബപ്രാർത്ഥനയ്ക്കും, ഞായറാഴ്ച ബലിയർപ്പണത്തിനും, ബൈബിൾ വായനയ്ക്കും ഉത്സാഹം കാണിക്കുന്നുവോ അതുപോലെയായിരിക്കും കുട്ടികളുടെ വിശ്വാസപരിശീലനവും.

വിശ്വാസപരിശീലനത്തിന്റെ രണ്ടാമത്തെ വേദി ഇടവക അല്ലെങ്കിൽ വിശ്വാസ സമൂഹമാണ്. ക്രമബദ്ധവും ശാസ്ത്രീയവുമായി വിശ്വാസപരിശീലനം നല്കാനാണ് ഇടവകയിൽ നാം പരിശ്രമിക്കുന്നത്. കുടുംബത്തിൽ ലഭിച്ച വിശ്വാസകിരണങ്ങൾ കുഞ്ഞുങ്ങളെ ശാസ്ത്രീയമായും വിപുലമായും പഠിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മൂന്നു വിധത്തിലാണ് ഇടവകയിൽ ഇതു നല്കപ്പെടുന്നത്; ആഘോഷതലം, പ്രബോധനതലം, പ്രാവർത്തികതലം.

(1) ആഘോഷതലം: കൂദാശജീവിതം വിശ്വാസപരിശീലനത്തിന്റെ അനുഷ്ഠാനപരവും ആഘോഷവുമായ മാർഗ്ഗമാണ്. വിശുദ്ധ കുർബാനയർപ്പണവും, മറ്റുകൂദാശകളും, ആരാധനയും, ജപമാലയും, തിരുന്നാളുകളും, കുരിശിന്റെ വഴിയും നൊവേനയുമെല്ലാം വിശ്വാസപരിശീലനത്തിന്റെ ഭാഗമാണ്. അതുകൊണ്ട് തന്നെ കുട്ടികളെ ക്രിയാത്മകമായി ഇടവക സമൂഹജീവിതത്തിൽ ഉൾപ്പെടുത്തുക ഏറ്റവും നിർണ്ണായകമാണ്.

(2) പ്രബോധനതലം: പന്ത്രണ്ട് വരെയുള്ള വിശ്വാസപരിശീലന ക്ലാസുകളാണ് ഇടവകയിൽ പ്രബോധനപരമായി നല്കപ്പെടുന്ന വിശ്വാസപരിശീലനം. വളരെ ശാസ്ത്രീയമായി കുട്ടികളുടെ മാനസിക വളർച്ചയ്ക്കനുസരിച്ച് പാഠപുസ്തകങ്ങളും, പരിശീലനം ലഭിച്ച വിശ്വാസപരിശീലകരും, ഇടവക വികാരിയും ചാപ്ലിയനും എല്ലാം ഇതിന്റെ ഭാഗങ്ങളാണ്.

(3) പ്രാവർത്തികതലം: ആഘോഷിച്ച, പഠിച്ച കാര്യങ്ങൾ കുട്ടികൾ പ്രാവർത്തികമായി അവർ വളരുന്ന സാഹചര്യങ്ങളിൽ പരിശീലിക്കുമ്പോൾ മാത്രമെ, വിശ്വാസപരിശീലനം യഥാർത്ഥ വളർച്ചയാവുകയുള്ളു. തിരുബാലസഖ്യം, ചെറുപുഷ്പ മിഷൻലീഗ്, CLC, ക്രിസ്റ്റീൻ മുതലായ സംഘടനകൾ കുട്ടികളുടെ വിശ്വാസപരിശീലനത്തിന് ഏറെ ഉപയോഗപ്രദമാണ്. വിശുദ്ധ യാക്കോബ് ശ്ലീഹാ പറയുന്നതു പോലെ 'പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിരർത്ഥകമാണ്'. സ്നേഹിക്കാനും, ക്ഷമിക്കാനും, ദാനംചെയ്യാനും, കുട്ടികളെ പഠിപ്പിക്കാനുള്ള അവസരമായി വിശ്വാസം പരിശീലിപ്പിക്കപ്പെടണം.

നമ്മുടെ രൂപതയിൽ കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ 480 വിശ്വാസപരിശീലകരുടെ സഹായത്തോടെ 4300 കുട്ടികൾ, 38 സമൂഹങ്ങളിലായി വിശ്വാസപരിശീലനം നേടി. ജോലിഭാരങ്ങൾക്കിടയിലും ത്യാഗമനോഭാവത്തോടെ

വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്ന എല്ലാ മതാദ്ധ്യാപകർക്കും അവർക്ക് നേതൃത്വം കൊടുക്കുന്ന വൈദികർക്കും ഞാൻ ആത്മാർത്ഥമായി നന്ദി പറയുന്നു. അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും, ദൈവശാസ്ത്രത്തിലും മറ്റും കൂടുതൽ ആഴപ്പെടുത്തുന്നതിനും അവർക്കുവേണ്ടി Online Courseകളും, സെമിനാറുകളും നടത്തുന്നതിന് രൂപതാ കേന്ദ്രം വഴി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുട്ടികൾക്ക് ക്രിസ്റ്റീൻ ധ്യാനവും മറ്റ് സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്. ഇനിയും ഏറെ നമുക്ക് മുന്നോട്ട് പോകാനുണ്ട്-ഭാവിയിൽ കേന്ദ്രീകൃത ചോദ്യപേപ്പർ, മൂല്യനിർണ്ണയ സംവിധാനം, രൂപത വിശ്വാസ പരിശീലന കേന്ദ്രം, വിശ്വാസ പരിശീലകരുടെ സമ്മേളനങ്ങൾ എന്നിവ ഉണ്ടാകണം.

ഇടവകയിൽ വിശ്വാസപരിശീലനം കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് ഇടവക വികാരിമാരുടെയും കമ്മിറ്റിയംഗങ്ങളുടെയും നേതൃത്വവും പ്രചോദനവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദികരും സന്യാസിസന്യാസിനികളും അത്മായ പ്രേഷിതരും മതാധ്യാപകരും ജനനേതാക്കളും ഉത്ഭവിക്കേണ്ടത് നമ്മുടെ കുടുംബങ്ങളിൽ നിന്നാണ്. അതിന് ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു.

''എന്റെ കർത്താവേ, എന്റെ ദൈവമേ'' എന്ന് ഈശോയിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് കേരളമണ്ണിലെത്തി വിശ്വാസം പകർന്നു തന്ന് രക്തസാക്ഷി മകുടം ചൂടിയ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ വിശ്വാസപാരമ്പര്യം നമുക്ക് മുറുകെ പിടിക്കാം. പരിശുദ്ധ കത്തോലിക്കാ സഭയുടെ വിശ്വാസകൂട്ടായ്മയിൽ നമുക്കൊരുമിച്ച് അതു നമ്മുടെ ഭാവി തലമുറയ്ക്ക് കൈമാറാം. പരിശുദ്ധ ദൈവമാതാവിന് നമ്മുടെ എല്ലാ കുഞ്ഞുങ്ങളെയും വിശ്വാസപരിശീലകരെയും മാതാപിതാക്കളെയും ഇടവകസമൂഹത്തെയും സമർപ്പിച്ചുകൊണ്ട്,

സ്നേഹത്തോടെ നിങ്ങളുടെ പിതാവ്

**+ബോസ്കോ പുത്തൂർ**

രൂപതാ കാര്യാലയത്തിൽ നിന്ന്

13 മാർച്ച് 2016

NB: ഈ ഇടയലേഖനം ഏപ്രിൽ 3-ാം തിയതി ഞായറാഴ്ച കുർബാന മധ്യേ വായിക്കേണ്ടതാണ്.